**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2152** **12-02-2024 - ൽ മറുപടിയ്ക്ക്**

**സോഷ്യൽ മീഡിയ ടീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ സോഷ്യൽ മീഡിയ ടീമിന്റെ ചെലവുകൾക്കായി അനുവദിച്ചിട്ടുള്ള തുക ഇനം തിരിച്ച് വിശദമാക്കുമോ; | (എ) | 2022 മേയ് മാസം മുതൽ മുഖ്യമന്ത്രിയുടെ വെബ് സൈറ്റും സോഷ്യൽ മീഡിയ ഹാന്റിലുകളുടെയും പരിപാലനത്തിനായി ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് 13,709,645 രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ടീമിൽ നിലവിൽ പ്രവർത്തിക്കുന്നവരുടെ പേരും തസ്തികയും ശമ്പളവും വിദ്യാഭ്യാസയോഗ്യതയും ഓരോരുത്തരെയും നിയമിച്ച തീയതിയും വ്യക്തമാക്കുമോ; | (ബി) | 2022 ഏപ്രിൽ മാസം വരെ സോഷ്യൽ മീഡിയ വിഭാഗം സി-ഡിറ്റ് മുഖേനയാണ് നടത്തിയിരുന്നത്. 2022 മേയ് 16 മുതൽ മുഖ്യമന്ത്രിയുടെ വെബ് സൈറ്റും സോഷ്യൽ മീഡിയ ഹാന്റിലുകളുടെയും പരിപാലന ത്തിനുള്ള മാനവവിഭവശേഷി വിഭാഗത്തിൽ പ്രവർത്തിക്കുന്നവരുടെ പേര്, തസ്തിക, ശമ്പളം, വിദ്യാഭ്യാസ യോഗ്യത, ആകെ ചെലവഴിച്ച തുക എന്നിവ അനുബന്ധമായി ചേർക്കുന്നു. |
| (സി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പ്രസ്തുത ടീമിന്റെ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക എത്രയെന്ന് ഇനം തിരിച്ച് വിശദമാക്കുമോ? | (സി) | 2022 ഏപ്രിൽ മാസം വരെ സോഷ്യൽ മീഡിയ വിഭാഗം സി-ഡിറ്റ് മുഖേനയാണ് നടത്തിയിരുന്നത്. 2022 മേയ് 16 മുതൽ മുഖ്യമന്ത്രിയുടെ വെബ് സൈറ്റും സോഷ്യൽ മീഡിയ ഹാന്റിലുകളുടെയും പരിപാലനത്തിനുള്ള മാനവവിഭവശേഷി വിഭാഗത്തിൽ പ്രവർത്തിക്കുന്നവരുടെ പേര്, തസ്തിക, ശമ്പളം, വിദ്യാഭ്യാസ യോഗ്യത, ആകെ ചെലവഴിച്ച തുക എന്നിവ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

ടീം ലീഡറായി പ്രവർത്തിക്കുന്ന മുഹമ്മദ് യഹിയ ബി ടെക് ഇലക്ട്രോണിക്സ് ആന്റ് കമ്യൂണിക്കേഷൻ ബിരുദധാരിയാണ്. അദ്ദേഹത്തിന്റെ പ്രതിമാസ വേതനം 75,000 രൂപ. 70,000 രൂപ പ്രതിമാസ വേതനത്തിൽ കണ്ടന്റ് മാനേജരായി പ്രവർത്തിക്കുന്ന സുദീപ് ജെ സലിം, ബിരുദം, എൽ.എൽ.ബി, പി.ജി ഡിപ്ലോമ (ജേർണലിസം) ബിരുദധാരിയാണ്. ബി ടെക് (ഐ.ടി) ബിരുദധാരിയായ സന്ദീപ് ആർ.കെ. 65,000 രൂപ പ്രതിമാസ വേതനത്തിൽ സീനിയർ വെബ് അഡ്മിനിസ്ട്രേറ്റർ ആയി പ്രവർത്തിക്കുന്നു. വിഷ്ണു ആർ 65,000 രൂപ പ്രതിമാസ വേതനത്തിൽ സോഷ്യൽമീഡിയ കോ-ഓർഡിനേറ്ററായി പ്രവർത്തിക്കുന്നു. പി.ജി (ജെ.എം.സി.) യാണ് അദ്ദേഹത്തിൻറെ യോഗ്യത. കണ്ടന്റ് സ്ട്രാറ്റജിസ്റ്റ് ആയി പ്രവർത്തിക്കുന്ന ഷഫീഖ് സൽമാൻ കെ ബി.എസ്.സി കെമിക്കൽ സയൻസ്, പി.ജി ജേർണലിസം ബിരുദധാരിയാണ്. 65,000 രൂപ പ്രതിമാസ വേതനം. 56,000 രൂപ പ്രതിമാസ വേതനത്തിൽ ഡെലിവറി മാനേജരായി പ്രവർത്തിക്കുന്ന അജിത്ത് പി.പി, ബി.എസ്.സി. ഫിസിക്സ്, പി.ജി.ജെ.എം.സി. ബിരുദധാരിയാണ്. പൊളിറ്റിക്കൽ സയൻസിൽ ഡോക്ടറേറ്റും ബിരുദാനന്തര ബിരുധവുമുള്ള ജിതിൻ ജി 53,000 രൂപ പ്രതിമാസ വേതനത്തിൽ റിസർച്ച് ഫെലോയായി പ്രവർത്തിക്കുന്നു. കണ്ടന്റ് ഡവലപ്പർ ആയി പ്രവർത്തിക്കുന്ന അമൽദാസ് സി യുടെ യോഗ്യത ബി.ടെക് ബിരുദവും ജേർണലിസത്തിൽ ബിരുദാനന്തര ബിരുദവുമാണ്. 53000 രൂപയാണ് പ്രതിമാസ വേതനം. 53,000 രൂപ പ്രതിമാസ വേതനത്തിൽ കണ്ടന്റ് അഗ്രിഗേറ്ററായി പ്രവർത്തിക്കുന്ന രജീഷ്ലാൽ കെ.വി.പിയുടെ യോഗ്യത എം.എ. ഫോക്ലോർ സ്റ്റഡീസാണ്. 45,000 രൂപ പ്രതിമാസ വേതനത്തിൽ ഡാറ്റാ റിപ്പോസിറ്ററി മാനേജർമാരായി പ്രവർത്തിക്കുന്ന ശൈലേഷ്കുമാർ എസ്, ജയകുമാർ പി.വി എന്നിവർ ബി.കോം ബിരുദധാരികളാണ്. കമ്പ്യൂട്ടർ അസിസ്റ്റൻറായി പ്രവർത്തിക്കുന്ന വൈശാഖ് പി, പ്ലസ് ടു, ബി വോക്ക് ബിരുദധാരിയാണ്. 22,290 രൂപയാണ് പ്രതിമാസ വേതനം.

2022 മേയ് മാസം മുതൽ മുഖ്യമന്ത്രിയുടെ വെബ്സൈറ്റും സോഷ്യൽ മീഡിയ ഹാൻഡിലുകളുടെയും പരിപാലനത്തിനായി ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് 13,709,645 രൂപ ചിലവഴിച്ചിട്ടുണ്ട്.